Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

# STATE POLICE MEDIA CENTRE

KERALA POLICE

No.69/PR/SPMC/PHQ/2023 Date: 27.06.2023

## സംസ്ഥാന പോലീസ് മേധാവി പങ്കെടുക്കുന്ന കൂട്ടയോട്ടം ബുധനാഴ്ച

ഈ മാസം 30 ന് സർവ്വീസിൽ നിന്നു വിരമിക്കുന്ന സംസ്ഥാന പോലീസ് മേധാവിയുടെ ബഹുമാനാർത്ഥം സംഘടിപ്പിക്കുന്ന കൂട്ടയോട്ടം ബുധനാഴ്ച രാവിലെ പോലീസ് ഹെഡ്ക്വാർട്ടേഴ്സിനു മുന്നിൽ നിന്ന് ആരംഭിക്കും.

മുതിർന്ന പോലീസ് ഓഫീസർമാരെ കൂടാതെ എസ്.എ.പിയിലെ രണ്ട് പ്ലാറ്റൂൺ പോലീസ് ഉദ്യോഗസ്ഥരും സംസ്ഥാന പോലീസ് മേധാവി അനിൽ കാന്തിനൊപ്പം ഓട്ടത്തിൽ പങ്കെടുക്കും. പോലീസിലെ സ്പോർട്സ് താരങ്ങളും 100 സ്റ്റുഡന്റ് പോലീസ് കേഡറ്റുകളും ഓട്ടത്തിന്റെ ഭാഗമാകും.

രാവിലെ 6.30 ന് തുടങ്ങുന്ന ***നെക്സ്റ്റ് ജേർണി റൺ*** എന്ന പേരിലുള്ള കൂട്ടയോട്ടം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ സമാപിക്കും.

വെള്ളയമ്പലം, മ്യൂസിയം, എൽ.എം.എസ് ജംഗ്ഷൻ, പാളയം വഴിയാണ് കൂട്ടയോട്ടം സംഘടിപ്പിച്ചിരിക്കുന്നത്.

*********************